പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1757 — 12-06-2019 ൽ മറുപടിയ്ക്ക്

## ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ മുൻ എം.ഡി.ക്കെതിരെയുള്ള അന്വേഷണ റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.ടി.എ. റഹീം | | ശ്രീ. കെ.ടി. ജലീൽ (ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) |
| എ) | കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷനിൽ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരിക്കെതിരെ ഏതെങ്കിലും അന്വേഷണ റിപ്പോർട്ട് സർക്കാരിന് മുമ്പിലുണ്ടോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | എ) | ഉണ്ട്; അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |
| ബി) | ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശയുണ്ടോ; ആയത് പ്രകാരം വിജിലൻസ് അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | ബി) | ധനകാര്യ ഇൻസ്പെക്ഷൻ വിങ്ങിന്റെ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് 06/06/2019 ലെ വിജി.ഇ 3/181/2019-വിജി നമ്പർ കത്ത് പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| സി) | ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചീരി അനധികൃതമായി ഫ്ലാറ്റ് വാടകയിനത്തിൽ തുക കൈപ്പറ്റിയതായുള്ള റിപ്പോർട്ടിലെ പരാമർശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | സി) | നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതുമായി ബന്ധപ്പെട്ട രേഖകൾ വിജിലൻസിന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം
19

File No. MVV...

# കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ ആസ്ഥാന കാര്യാലയത്തിലും റീജിയണൽ ഓഫീസുകളിലും ധനകാര്യ പരിശോധന (എൻ.ടി-എ) വിഭാഗം നടത്തിയ പരിശോധനയുടെ റിപ്പോർട്ട്

കേരള സംസ്ഥാന ന്യൂനപക്ഷ കോർപ്പറേഷൻ മുഖേന 2013 മുതൽ 2016 വരെയുള്ള കാലഘട്ടത്തിൽ വായ്പകൾ അനുവദിച്ചതിൽ നടന്ന കൃത്രിമം, തിരിമറി എന്നിവയെ കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട കൊണ്ട് ബഹു. ഉന്നത വിദ്യാഭ്യാസ, ന്യൂനപക്ഷ ക്ഷേമ, വഖഫ് & ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രിയ്ക്ക് ലഭിച്ച നിവേദനത്തിന്മേൽ ധനകാര്യ പരിശോധനാ വിഭാഗത്തെ കൊണ്ട് അന്വേഷണം നടത്തണമെന്ന ബഹു. മന്ത്രിയുടെ അഭ്യർത്ഥന പരിഗണിച്ച് ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി 23/11/2018 ന് നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധന (എൻ.ടി -എ) വിഭാഗം 2018 ഡിസംബർ മാസം മുതൽ 2019 ഫെബ്രുവരി മാസം വരെ കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ (KSMDFC) കോഴിക്കോട്ടെ ആസ്ഥാന കാര്യാലയത്തിലും തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കാസർകോട് ജില്ലകളിലെ റീജിയണൽ ഓഫീസുകളിലും പരിശോധന നടത്തുകയും പരിശോധനയിൽ ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുകയും ചെയ്തു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## I. കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച്

ന്യൂനപക്ഷ വിഭാഗങ്ങളായ മുസ്ലിം, ക്രിസ്ത്യൻ, പാഴ്സി, ജൈന, ബുദ്ധ, സിക്ക് എന്നീ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കീഴിൽ കമ്പനീസ് ആക്ട് 1956 പ്രകാരം 2013 ൽ രജിസ്റ്റർ ചെയ്ത് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ച വരുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ. നാഷണൽ മൈനോറിറ്റീസ് ഡെവലപ് മെന്റ് ഫിനാൻസ് കോർപ്പറേഷൻ (N M D F C) ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയുള്ള അവരുടെ പദ്ധതികൾ നടപ്പിലാക്കുന്ന സ്റ്റേറ്റ് ചാനലൈസിങ് ഏജൻസിയായും KSMDFC-യെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. മൈനോറിറ്റി വിഭാഗത്തിൽപ്പെട്ടവരുടെ, പ്രത്യേകിച്ച് ഒരു ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ളവർക്ക്, വരുമാനമാർഗ്ഗം സൃഷ്ടിച്ച് അവരെ പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതികൾക്ക് രൂപം നൽകിയിട്ടുള്ളത്.

കോർപ്പറേഷന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സ്വയം തൊഴിൽ, വിദ്യാഭ്യാസം, നൈപുണ്യ വികസനം, മൈക്രോഫിനാൻസ്, മഹിളാസമൃദ്ധി യോജന തുടങ്ങിയ പദ്ധതികൾക്കാണ് സാമ്പത്തിക സഹായം നൽകി വരുന്നത്.

കോർപ്പറേഷന്റെ അധികാര പരിധി കേരളം മുഴുവനും വ്യാപിച്ച് കിടക്കുന്നു. കോഴിക്കോട്, ചക്കോരത്ത് കുളത്ത് ഹെഡ് ഓഫീസും, കാസർഗോഡ്, മലപ്പുറം,

എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ മേഖലാ ഓഫീസുകളും പ്രവർത്തിച്ചു വരുന്നു.

തിരുവനന്തപുരം ഓഫീസിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളും എറണാകുളം ഓഫീസിന്റെ കീഴിൽ എറണാകുളം, തൃശ്ശൂർ, ഇടുക്കി, കോട്ടയം ജില്ലകളും മലപ്പുറം ഓഫീസിന്റെ കീഴിൽ മലപ്പുറം, പാലക്കാട് ജില്ലകളും കാസർഗോഡ് ഓഫീസിന്റെ കീഴിൽ കാസർഗോഡ്, കണ്ണൂർ ജില്ലകളും കോഴിക്കോട് ഓഫീസിന്റെ കീഴിൽ കോഴിക്കോട്, വയനാട് ജില്ലകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## II കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ നിലവിൽ നല്കി വരുന്ന വിവിധ വായ്പാ പദ്ധതികൾ

### സ്വയം തൊഴിൽ വായ്പാ പദ്ധതികൾ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| **NMDFC പദ്ധതികൾ** | | | | |
| സ്വയം തൊഴിൽ വായ്പ Credit Line 1 | % | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി ...,000/- (ഗ്രാമീണ മേഖല) 1,20,000/- (നഗര മേഖല). പ്രായ പരിധി 56 വയസ്സ് |
| സ്വയം തൊഴിൽ വായ്പ Credit Line 2 | സ്ത്രീ 6% പുരുഷൻ 8 % | 30 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷം വരെ പ്രായപരിധി 56 വയസ്സ് |
| **KSMDFC പദ്ധതികൾ** | | | | |
| സ്വയം തൊഴിൽ വായ്പ | 8% | 20 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷത്തിൽ താഴെ പ്രായപരിധി 58 വയസ്സ് |
| ബിസിനസ് വിപുലീകരണ വായ്പ | 8% | 5 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷത്തിൽ താഴെ പ്രായപരിധി 56 വയസ്സ് |

### വിദ്യാഭ്യാസ വായ്പ പദ്ധതികൾ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| **NMDFC പദ്ധതികൾ** | | | | |
| വിദ്യാഭ്യാസ വായ്പ Credit Line 1 | 3 % | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി 98,000/- (ഗ്രാമീണ മേഖല) 1,20,000/- (നഗര മേഖല) |
| വിദ്യാഭ്യാസ വായ്പ Credit Line 2 | സ്ത്രീ 5% പുരുഷൻ 8 % | 20 ലക്ഷം | 5 വർഷം | കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷത്തിൽ താഴെ |

| KSMDFC പദ്ധതികൾ | | | | |
|---|---|---|---|---|
| വിദ്യാഭ്യാസ വായ്പ - Parent Plus | 7% | 10 ലക്ഷം | 5 വർഷം | വരുമാന പരിധി ബാധകമല്ല |

## പ്രവാസി വായ്പ പദ്ധതികൾ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| പ്രവാസി സ്വയം തൊഴിൽ വായ്പ | 5 % | 10 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിധി 1,03,000/- |
| വിസ വായ്പ | 5% | 3 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിധി 1,03,000/- |

## ഭവന വായ്പ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| ഭവന വായ്പ | 8 % | 6 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിധി 6 ലക്ഷത്തിൽ താഴെ |

## ഉദ്യോഗസ്ഥർക്കുള്ള വായ്പ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിവിധോദ്ദേശ വായ്പ | 9 % | 5 ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിധി 12 ലക്ഷത്തിൽ താഴെ |

## മദ്രസ അധ്യാപകർക്കുള്ള ഭവന വായ്പ

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| ഭവന വായ്പ | ഇല്ല | 2.5ലക്ഷം | 7 വർഷം | കുടുംബ വാർഷിക വരുമാന പരിധി 81,000/- (ഗ്രാമീണ മേഖല) 1,03,000/- (നഗര മേഖല) പ്രായം പരിധി 40 മുതൽ 57 വരെ |

## ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ

25

| പദ്ധതി | നിരക്ക് | പരമാവധി തുക | കാലാവധി | പ്രത്യേക വ്യവസ്ഥകൾ |
|---|---|---|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വായ്പ | 9% | 10 ലക്ഷം | 7 വർഷം | കുറഞ്ഞത് മൂന്ന് വർഷമെങ്കിലും മൈനോറിറ്റി തലത്തിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനം |

<u>KSMDFC 2012-13 മുതൽ 2018-19 വരെ അനുവദിച്ച വായ്പകളുടെ വിവരങ്ങൾ</u>

| ക്രമ നം | സാമ്പത്തിക വർഷം | KSMDFC ഫണ്ട് വരവ് | KSMDFC ഫണ്ട് ചെലവ് (Loan Purpose) | KSMDFC ഫണ്ട് മുഖേന ലോൺ നൽകിയ ഉപഭോക്താക്കളുടെ എണ്ണം | NMDFC ഫണ്ട് വരവ് | NMDFC ഫണ്ട് ചെലവ് (Loan Purpose) | NMDFC ഫണ്ട് മുഖേന ലോൺ നൽകിയ ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|---|---|---|
| 1 | 2012-13 | 80,00,000 | 0 | 0 | 0 | 0 | 0 |
| 2 | 2013-14 | 8,40,00,000 | 0 | 0 | 0 | 0 | 0 |
| 3 | 2014-15 | 10,00,00,000 | 13,2[illegible]0 | 603 | 8,00,00,000 | 8,77,69,100 | 407 |
| 4 | 2015-16 | 10,00,00,000 | 11,25,97,000 | 355 | 11,60,00,000 | 12,73,11,100 | 524 |
| 5 | 2016-17 | 20,00,00,000 | 4,50,29,550 | 160 | 8,00,00,000 | 8,89,95,175 | 319 |
| 6 | 2017-18 | - | 8,78,03,037 | 387 | 8,00,00,000 | 10,76,59,537 | 431 |
| 7 | 2018-19 | 7,73,00,000 | 9,60,78,303 | 395 | 11,20,00,000 | 10,44,09,243 | 435 |
| | ആകെ | 56,93,00,000 | *47,43,62,390* | 1900 | 46,80,00,000 | *51,61,44,155* | 2116 |

KSMDFC മുഖേന നാളിതുവരെ 4,016 (1900+2116) ഗുണഭോക്താക്കൾക്കായി 99,05,06,545/- (474,362,390 + 516,144,155) വായ്പയായി അനുവദിച്ചു കൊടുത്തിട്ടുണ്ട്.

<u>III കോർപ്പറേഷൻ മുൻ മാനേജിംഗ് ഡയറക്ടർ ശ്രീ.മുഹമ്മദ് ഹനീഫ പെരിഞ്ചേരിക്ക് ഫ്ലാറ്റ് വാടക അനുവദിച്ചതിലെ ക്രമക്കേട് സംബന്ധിച്ച്</u>

മക്കരപറമ്പ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് പി 576 ൽ സെക്രട്ടറി/ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി സേവനമനുഷ്ഠിച്ചു വരവെ 22/10/2012 ലെ സർക്കാർ ഉത്തരവ് (കൈ) നം.291/2012/ജി.എ.ഡി. പ്രകാരം ശ്രീ.മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ KSMDFC യിൽ മാനേജിംഗ് ഡയറക്ടറായി അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കുകയും 08/12/2012 മുതൽ മാനേജിംഗ് ഡയറക്ടറായി സേവനമാരംഭിക്കുകയും ചെയ്തു. 08/12/2012 ൽ ആരംഭിച്ച അന്യത്രസേവനം തുടർന്നുള്ള വർഷങ്ങളിൽ ദീർഘിപ്പിച്ച് നൽകുകയും 01/10/2016 വരെ തുടരുകയും ചെയ്തു.

മക്കരപറമ്പ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് പി 576 ലഭ്യമാക്കിയ

എൽ.പി.സി പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ പ്രവേശിക്കവെ ശ്രീ.മുഹമ്മദ് ഹനീഫ പെരിഞ്ചേരി House Rent Allowance (HRA) ഇനത്തിൽ 1000/- രൂപ കൈപ്പറ്റിയിരുന്നതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അന്യത്ര സേവനത്തിന് പ്രവേശിക്കുന്നതിന് മുമ്പ് തന്നെ ടിയാൻ ഭവന നിർമ്മാണത്തിനായി ജീവനക്കാർക്കുള്ള കുറഞ്ഞ പലിശ നിരക്കിൽ വായ്പ എടുത്തിട്ടുള്ളതായും കാണിച്ചിട്ടുണ്ട്. കൂടാതെ, KSMDFC ൽ അന്യത്രസേവന കാലയളവിൽ KSMDFC യിൽ നിന്നും തന്നെ 01/09/2015 ൽ 5% പലിശ നിരക്കിൽ അഞ്ച് ലക്ഷം രൂപ ഭവനം പുതുക്കി പണിയുന്നതിനുള്ള വായ്പയായി എടുക്കുകയുണ്ടായി.

KSMDFC യുടെ 23/09/2014 ൽ ചേർന്ന 13-ാമത് ബോർഡ് യോഗത്തിൽ (Resolution No. 11) മാനേജിംഗ് ഡയറക്ടറായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിക്ക് വാടകയിനത്തിൽ 12,000/- രൂപയും മെയിന്റനൻസ് എക്സ്പെൻസായി 500/- രൂപയും ചേർത്ത് പ്രതിമാസം 12,500/- രൂപ നിരക്കിൽ താമസ സൗകര്യം ഒരുക്കുന്നതിന് അനുമതി നൽകുകയുണ്ടായി. മേൽപടി ബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാടകയിനത്തിൽ താമസ സൗകര്യം അനുവദിക്കുന്നതിനായി സർക്കാർ അനുമതിക്കായി സമീപിച്ചുവെങ്കിലും മാനേജിംഗ് ഡയറക്ടറുടെ നിയമനം അന്യത്രസേവന വ്യവസ്ഥ പ്രകാരമായതിനാൽ ടി ആനുകൂല്യം അനുവദിക്കാൻ നിർവ്വാഹമില്ലായെന്നും, ആയതിനാൽ ആനുകൂല്യം നൽകണമെന്ന ശിപാർശ നിരസിക്കുന്നതായും 18/08/2015 ലെ കത്ത് നം.19/338/എം.ഡബ്ല്യു2/15/ജിഎഡി പ്രകാരം സർക്കാർ KSMDFC യെ അറിയിക്കുകയുണ്ടായി. മാനേജിംഗ് ഡയറക്ടർക്ക് താമസ സൗകര്യം ഒരുക്കുന്നതിന് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ നിന്നും നടപടികൾ ഒന്നും ഉണ്ടാകാത്തതിനാൽ മാനേജിംഗ് ഡയറക്ടറായിരുന്ന ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി അടക്കം പങ്കെടുത്ത 29/09/2015 ലെ KSMDFC യുടെ 22-ാം ബോർഡ് യോഗത്തിലും പ്രസ്തുത യോഗ തീരുമാനം അംഗീകരിച്ച 23-ാമത് ബോർഡ് യോഗത്തിലും (Resolution No. 16) മാനേജിംഗ് ഡയറക്ടറുടെ താമസ സൗകര്യത്തിന്റെയും അലവൻസുകളുടേയും കാര്യം ബഹു. ന്യൂനപക്ഷ ക്ഷേമ നഗര വികസന മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് ഉചിതമായ തീരുമാനമെടുക്കുന്നതിന് ചെയർമാനെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും സർക്കാർ തലത്തിൽ അനുകൂലമായ തീരുമാനം ഉണ്ടായിട്ടില്ല.

കോഴിക്കോട് കാമ്പുറം ബീച്ചിൽ അപ്പോളോ സീ ബ്രീസ് ഫ്ലാറ്റിൽ താമസിക്കുന്ന ശ്രീ. സി. ഉസ്മാൻ തനിക്ക് അവകാശപ്പെട്ട കോഴിക്കോട് കോർപ്പറേഷനിൽ പുതിയങ്ങാടി അംശം ദേശത്ത് സ്ഥിതി ചെയ്യുന്ന Appolo Sea Breeze ഫ്ലാറ്റ് KSMDFC മാനേജിംഗ് ഡയറക്ടറായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിക്ക് 01/02/2014 മുതൽ 11 മാസത്തേയ്ക്ക് 12,500/- രൂപ മാസ വാടകയ്ക്ക് നൽകിയതായും ഫ്ലാറ്റ് നമ്പർ പോലും വ്യക്തമാക്കാത്ത വാടകക്കരാറിന്റെയും വാടക കരാർ കാലയളവ് അവസാനിച്ചതിനു ശേഷം കൈയ്യെഴുത്തായി കൂട്ടി ചേർത്ത കുറിപ്പുകളുടെയും അടിസ്ഥാനത്തിൽ പലപ്പോഴും വാടക ബിൽ പോലും ലഭ്യമാക്കാതെ 02/2014 മുതൽ 08/2016 വരെ വാടകയിനത്തിൽ 4,22,000/- രൂപ മാനേജിംഗ് ഡയറക്ടർ തന്നെ അനുവദിച്ചു നൽകുകയുണ്ടായി. നിയമ വിരുദ്ധമായി സ്വയം വാടക അനുവദിച്ച് നൽകിയ നടപടിക്ക് KSMDFC മാനേജിംഗ് ഡയറക്ടറിൽ നിന്നും വിശദീകരണം ആരാഞ്ഞപ്പോൾ 3 മാസത്തിനകം മറുപടി ലഭ്യമാക്കാമെന്ന് ടിയാൻ അറിയിച്ചെങ്കിലും ഇതുവരെ മറുപടി ലഭ്യമാക്കിയില്ല. ചട്ടവിരുദ്ധമായി വാടകയിനത്തിൽ

തുക അനുവദിച്ച മാനേജിംഗ് ഡയറക്ടറുടെ നടപടി 18/08/2016 ൽ ചേർന്ന KSMDFC യുടെ 33-ാമത് ബോർഡ് യോഗത്തിൽ സാധൂകരണം നൽകുകയുണ്ടായി (Resolution No. 18). 33-ാമത് ബോർഡ് യോഗത്തെ തെറ്റിദ്ധരിപ്പിച്ചാണ് വാടകയിനത്തിൽ തുക ചട്ടവിരുദ്ധമായി അനുവദിച്ച സ്വന്തം നടപടിക്ക് ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി സാധൂകരണം നേടിയതെന്ന് നിലവിലെ ബോർഡ് ചെയർമാൻ ശ്രീ. എ.പി. അബ്ദുൾ വഹാബ്, ഡയറക്ടർമാരായ ശ്രീ. കെ.ടി. അബ്ദുൾ റഹ്മാൻ, ശ്രീ. സി.കെ.ഉസ്മാൻ ഹാജി എന്നിവർ ധനകാര്യ പരിശോധനാ വിഭാഗത്തെ അറിയിക്കുകയുണ്ടായി. KSMDFC മാനേജിംഗ് ഡയറക്ടറായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കി വരവേ HRA ഇനത്തിൽ തുക കൈപ്പറ്റുന്നതോടൊപ്പം, ഭവനം പുതുക്കി പണിയുന്നതിനായി 5 ലക്ഷം രൂപ 5% പലിശ നിരക്കിൽ കോർപ്പറേഷനിൽ നിന്ന് തന്നെ വായ്പ നേടിയെടുക്കുകയും, ചട്ടപ്രകാരം ലഭ്യമല്ലാത്തതും, സർക്കാർ നിരസിക്കുകയും ചെയ്ത ആനുകൂല്യത്തെ കുറിച്ച് മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ഉത്തമ ബോധ്യമുണ്ടായിരുന്നിട്ടും, ഫ്ലാറ്റ് വാടകയിനത്തിൽ 4,22,000/- രൂപ അനുവദിച്ച് നൽകിയ നടപടിയും, ആയത് ബോർഡിനെ തെറ്റിദ്ധരിപ്പിച്ച് സാധൂകരണം നേടിയ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയുടെ നടപടിയും, തികഞ്ഞ അധികാര ദുർവിനിയോഗവും പണാപഹരണവും വിശ്വാസ വഞ്ചനയുമായതിനാൽ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ അടിയന്തരമായി സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യേണ്ടതും, ചട്ടവിരുദ്ധമായി അനുവദിച്ച് നൽകിയ 4,22,000/- രൂപ തുക അനുവദിച്ച നാൾ മുതൽ 18% പലിശ സഹിതം ടിയാനിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## IV മുൻ മാനേജിംഗ് ഡയറക്ടർ വായ്പ അനുവദിച്ചതിലെ ക്രമക്കേടുകൾ

മക്കരപറമ്പ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് പി 576 സെക്രട്ടറി/സി.ഇ.ഒ. ആയി സേവനമനുഷ്ഠിച്ച് വരവെ 12/2012 മുതൽ KSMDFC മാനേജിംഗ് ഡയറക്ടറായി ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി അന്യത്രസേവന വ്യവസ്ഥയിൽ പ്രവേശിക്കുന്നതിനു മുമ്പായി തന്നെ ടിയാൻ ഭവന നിർമ്മാണത്തിനായി ജീവനക്കാർക്കുള്ള കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി എടുത്തിട്ടുണ്ടായിരുന്നു.

മാനേജിംഗ് ഡയറക്ടറായിരിക്കെ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി 31/07/2015 ൽ 162/EL/MPM നമ്പരായി Employees Loan staff of KSMDFC പ്രകാരം വീട് Repair and Renovation ആവശ്യത്തിന് വേണ്ടി 5 ലക്ഷം രൂപയുടെ വായ്പയ്ക്ക് അപേക്ഷിക്കുകയുണ്ടായി. 13/08/2015 ൽ ചേർന്ന KSMDFC യുടെ 21-ാമത് ബോർഡ് യോഗം മാനേജിംഗ് ഡയറക്ടറുടെ House Repair and Maintenance വായ്പയ്ക്കുള്ള അപേക്ഷ പരിഗണിക്കുകയും 5 % പലിശ നിരക്കിൽ 6 വർഷത്തെ തിരിച്ചടവ് നൽകി കൊണ്ട് Employees Loan ആയി അംഗീകാരം നൽകുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 24/08/2015 ൽ 01-01296 നമ്പർ വായ്പയായി 5 ലക്ഷം രൂപ മാനേജിംഗ് ഡയറക്ടർ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി തന്നെ അനുവദിക്കുകയും, 01/09/2015 ൽ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി വായ്പ തുക ചെക്ക് മുഖാന്തിരം കൈപ്പറ്റുകയും ചെയ്തു. പ്രസ്തുത പദ്ധതി പ്രകാരം അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കിയിരുന്ന മാനേജിംഗ് ഡയറക്ടർ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിക്ക് മാത്രമേ വായ്പ നൽകിയിട്ടുള്ളൂ. മേൽപടി വായ്പ

അനുവദിച്ചതിൽ താഴെ പറയുന്ന ക്രമക്കേടുകൾ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ട്

1. KSMDFC പദ്ധതി പ്രകാരം Multi Purpose Loan for Employees (ഉദ്യോഗസ്ഥ വായ്പ) യുടെ പലിശ ശതമാനം 7 % എന്നിരിക്കെ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് 5 % നിരക്കിൽ വായ്പ അനുവദിക്കുവാൻ 21, 22-ാമത് ബോർഡ് യോഗങ്ങൾ അംഗീകാരം നൽകുകയുണ്ടായി.

2. വായ്പയുടെ അപേക്ഷകനായ KSMDFC മാനേജിംഗ് ഡയറക്ടർ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി തന്നെ വായ്പ അനുവദിച്ച് തുക കൈപ്പറ്റി.

3. ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തന്നെ സ്വയം വായ്പ അനുവദിച്ച് നൽകി.

4. ഭവനത്തിന്റെ ഉടമസ്ഥാവകാശ രേഖകൾ ലഭ്യമാക്കാതെ തന്നെ സ്വയം വായ്പ അനുവദിച്ച് നൽകി.

5. KSMDFC വേണ്ടി ഒപ്പുവച്ച ഉദ്യോഗസ്ഥന്റെ വിവരങ്ങൾ വ്യക്തമാക്കാത്ത വായ്പാകാരാറിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ച് നൽകിയത്.

മേൽ ക്രമക്കേടുകൾ KSMDFC മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി കോർപ്പറേഷനിൽ നിന്നും അനധികൃതമായ നേട്ടം ഉണ്ടാക്കിയെന്നത് വ്യക്തമാക്കുന്നു. പ്രസ്തുത വിഷയത്തിൽ K S M D F C മാനേജിംഗ് ഡയറക്ടർക്ക് വായ്പ അനുവദിച്ചു കൊടുത്ത ഡയറക്ടർ ബോർഡിന്റെ നടപടി ഗുരുതരമായ ചട്ടലംഘനമാണ്.

## V <u>മാനേജിംഗ് ഡയറക്ടർ ശ്രീ.മുഹമ്മദ് ഹനീഫ പെരിഞ്ചേരിയുടെ</u>

## <u>കാലഘട്ടത്തിൽ വായ്പകൾ അനുവദിച്ചതിലെ ക്രമക്കേടുകൾ</u>

കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ലിമിറ്റഡ് (K S M D F C ) ന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി വായ്പ അനുവദിച്ചതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ യോഗ്യതാ മാനദണ്ഡങ്ങൾ മറികടന്നുകൊണ്ടും, നടപടി ക്രമങ്ങൾ പാലിക്കാതെയും വായ്പകൾ അനുവദിച്ചു നല്കിയതായി കണ്ടെത്തുകയുണ്ടായി. ആയതിന്റെ ലഘു വിവരം ഇതോടൊപ്പം ചേർക്കുന്നു. Self Employment Scheme for Minorities (SE), Business Development Loan (BDL)/ Business Expansion Loan (BEL)for Existing Entrepreneurs എന്നീ പദ്ധതികൾ പ്രകാരം സാമ്പത്തിക സഹായം അനുവദിച്ചതിലാണ് അപാകതകൾ കൂടുതലായി കണ്ടെത്തിയിട്ടുള്ളത്.

**1) പൂർണ്ണമായും പൂരിപ്പിക്കാത്ത/വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകളിന്മേൽ ലോൺ അനുവദിച്ചത് സംബന്ധിച്ച്**

Self Employment Scheme for Minorities (SE), Business Development Loan (BDL) എന്നീ പദ്ധതികൾ പ്രകാരമുള്ള അപേക്ഷകൾ പരിശോധിച്ചതിൽ പല അപേക്ഷകളും പൂർണ്ണമായി പൂരിപ്പിക്കാതെയാണ് സമർപ്പിച്ചിട്ടുള്ളതെന്ന് കാണാൻ കഴിഞ്ഞു. പദ്ധതിയുടെ പേര്, ജാമ്യക്കാരന്റെ വിശദാംശങ്ങൾ, തീയതി എന്നിവയൊന്നും രേഖപ്പെടുത്താത്ത അപേക്ഷ പരിഗണിച്ച് വായ്പകൾ അനുവദിച്ചതായി കണ്ടു. ഉദാഹരണമായി ലോൺ No.01-01399 ശ്രീ. മുഹമ്മദ് റയീസ്. സി. എന്നയാളുടെ അപേക്ഷയിൽ പദ്ധതിയുടെ പേര്, സർക്കാർ/മറ്റിതര സ്ഥാപനങ്ങളിൽ നിന്ന് ലോൺ എടുത്തിട്ടുണ്ടോ എന്ന വിവരം, ജാമ്യ വ്യവസ്ഥ എന്നിവ രേഖപ്പെടുത്താതെയാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപൂർണ്ണമായ അപേക്ഷയിന്മേലാണ് ശ്രീ. മുഹമ്മദ് റയീസ്. സി.യ്ക്ക് സ്വയം തൊഴിൽ പദ്ധതിക്കായി 1,25,000/-രൂപ അനുവദിച്ച് നല്കിയത്.

**2) ആദ്യഗഡു സംരംഭങ്ങൾക്ക് വിനിയോഗിച്ചിട്ടില്ലാത്ത വായ്പക്കാർക്ക് യഥാർത്ഥ ബില്ലുകൾ/വിനിയോഗപത്രം/ലൈസൻസ് എന്നിവ സമർപ്പിക്കാതെ തുടർന്നുള്ള തവണകൾ/ഗഡുക്കൾ അനുവദിച്ചത്**

KSMDFC പദ്ധതി പ്രകാരം സാമ്പത്തിക സഹായം അനുവദിക്കുന്നതിന് കരാർ വെച്ച് കഴിഞ്ഞാൽ പ്രൊജക്ടിന്റെ സ്വഭാവം അനുസരിച്ച് ആദ്യ ഗഡു അനുവദിക്കുകയും, ടി തുകയുടെ ബില്ലുകൾ/വൗച്ചറുകൾ/യു.സി. എന്നിവ ഹാജരാക്കുന്ന മുറയ്ക്ക് തുടർന്നുള്ള ഗഡുക്കൾ അനുവദിക്കുകയുമാണ് ചെയ്യേണ്ടത്. സ്വയം തൊഴിൽ വായ്പ പദ്ധതിയാണെങ്കിൽ തുക കൈപറ്റി 3 മാസത്തിനകം പദ്ധതി നടപ്പിലാക്കുന്നതിനായി വാങ്ങിയ യന്ത്രോപകരണങ്ങൾ, സാധന സാമഗ്രികൾ എന്നിവയുടെ ബില്ലുകൾ/വൗച്ചറുകൾ/വിനിയോഗ സാക്ഷ്യപത്രം എന്നിവ സമർപ്പിക്കേണ്ടതാണ്. അനുവദിച്ച സാമ്പത്തിക സഹായം വിനിയോഗിച്ചു എന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടിയാണ് ബില്ലുകളും/വൗച്ചറുകളും ഹാജരാക്കാൻ ആവശ്യപ്പെടുന്നത്. എന്നാൽ മിക്ക കേസുകളിലും ബില്ലുകൾ/വൗച്ചറുകൾ ഹാജരാക്കാത്തവർക്കും ഭാഗികമായി ഹാജരാക്കിയവർക്കും, വിനിയോഗപത്രം സമർപ്പിക്കാത്തവർക്കും തുടർന്നുള്ള മുഴുവൻ തുകയും അനുവദിച്ച് നല്കിയതായി കാണാൻ കഴിഞ്ഞു. കൂടാതെ സമർപ്പിക്കപ്പെട്ട രേഖകളിൽ പലതും വ്യാജ ബില്ലുകളോ ക്വട്ടേഷനുകളോ ആണെന്നും കണ്ടെത്താൻ കഴിഞ്ഞു (ഉദാഹരണം ലോൺ No.01-01431, ലോൺ No.01-01170). ടി ഫയലുകളിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകൾ വ്യാജവും വെറും ക്വട്ടേഷനുകളും മാത്രമാണെന്ന് കണ്ടെത്തുകയുണ്ടായി. KSMDFC യുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ആവശ്യമായ രേഖകളുടെ അഭാവത്തിലാണ് ധനസഹായം അനുവദിച്ച് നൽകിയത്.

(a) ശ്രീ. റംഷാദ്, ഇടവത്ത്കണ്ടി മീത്തൽ, എന്നയാൾ സ്വയം തൊഴിൽ പദ്ധതി പ്രകാരം ഗാർമെന്റ് യൂണിറ്റ് ആരംഭിക്കുന്നതിനായി 3ലക്ഷം രൂപയ്ക്ക് വായ്പഅപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും വായ്പ നം. 01-00143 പ്രകാരം 2,00,000/-രൂപ അനുവദിക്കുകയും, 26.02.2014-ൽ ആദ്യ ഗഡുവായ 1,00,000/-രൂപ അനുവദിക്കുന്നതിനും, തുടർന്ന് കട തുടങ്ങിയതിന്റെ രേഖ ഹാജരാക്കിയ ശേഷം രണ്ടാം ഗഡു അനുവദിക്കുന്നതിനും

മാനേജിംഗ് ഡയറക്ടർ ഉത്തരവിടുകയും ചെയ്തു. എന്നാൽ 14.08.2014-ൽ ഒന്നാം ഗഡുവായ 1,00,000/-രൂപയും, 25.08.2014-ൽ രണ്ടാം ഗഡുവായ 1,00,000/-രൂപയും മാനേജിംഗ് ഡയറക്ടർ തന്നെ അനുവദിച്ച് നല്കി. ഫയലിൽ കട തുടങ്ങിയതായി ഒരു രേഖയും കാണുന്നില്ല. 31.10.2018 വരെ മേൽപടി വായ്പയിൽ 83,050/-രൂപ കുടിശ്ശികയാണ്

KSMDFC അധികൃതർ 23.07.2018-ൽ വായ്പക്കാരന്റെ വീട്ടിൽ നേരിട്ട് പോയി പരിശോധിച്ചതിൽ ടിയാൻ സ്കൂളിൽ ജോലി ചെയ്യുകയാണെന്ന് മനസ്സിലായിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നു.

(b) ലോൺ നമ്പർ 01-00880 പ്രകാരം ശ്രീ. മൊയ്തീൻ. വി. വിക്ക് പർദ്ദ വ്യാപാരത്തിനായി 4 ലക്ഷം രൂപ (ഫയൽ നമ്പർ 736/SE/KKD) അനുവദിക്കുകയും ആയതിൽ ആദ്യഗഡുവായ 1.5 ലക്ഷം രൂപ 18.03.2015ലും, രണ്ടാം ഗഡുവായ 1.5 ലക്ഷം രൂപ 18.05.2015 ലും, മൂന്നാം ഗഡുവായ 1 ലക്ഷം രൂപ 21.07.2015 ലും അനുവദിക്കുകയുണ്ടായി. രണ്ടാം ഗഡു അനുവദിച്ചപ്പോൾ പയ്യോളി ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് നമ്പർ 743/14-15 ഹാജരാക്കിയിരുന്നതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് ഫയലിൽ ലഭ്യമല്ല. പഞ്ചായത്ത് ലൈസൻസിന്റെ പുതിയ രസീതി, പുതിയ ടാക്സ് രസീതി എന്നിവ ഹാജരാക്കിയാൽ മാത്രം മൂന്നാം ഗഡു അനുവദിച്ചാൽ മതിയെന്ന് ഉത്തരവാകുകയും, എന്നാൽ ആയവ ഹാജരാക്കാതെ തന്നെ 21.07.2015-ന് ചെക്ക് മുഖാന്തിരം മേൽപടി തുക അനുവദിച്ച് കൊടുക്കുകയും ചെയ്തു. മേല്പടി വായ്പയിൽ 31.10.2018 വരെ 1,35,450/-രൂപ കുടിശ്ശികയാണ്.

(c) ഉത്തരവ്/ലോൺ നമ്പർ 01-01431 പ്രകാരം ശ്രീമതി. സമീറ, എന്നവർക്ക് സ്വയം തൊഴിൽ പദ്ധതിക്കായി (വെറ്റിനറി മെഡിക്കൽസ് & ക്ലിനിക്ക്) 2,50,000/-രൂപ സ്വയം തൊഴിൽ (Self Employment) ലോൺ അനുവദിക്കുകയും 13.11.2015, 27.06.2015 തീതികളിലായി യഥാക്രമം 1,50,000/-, 1,00,000/-എന്നിങ്ങനെ 2,50,000/-രൂപ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 13.11.2015തീയതിയിൽ വിതരണം ചെയ്ത 1,50,000/-രൂപയുടെ വിനിയോഗം സംബന്ധിച്ച യാതൊരു രേഖകളും 6 മാസത്തോളം ഹാജരാക്കാതെയിരിക്കുകയും തുടർന്ന് 09.05.2016 തീയതിയിൽ സത്യവാങ്മൂലം പരിഗണിച്ച് ടി രേഖകളില്ലാതെ തന്നെ 27.06.2015 തീയതിയിൽ ബാക്കി തുകയായ 1,00,000/-രൂപയും വിതരണം ചെയ്യുകയുണ്ടായി. എന്നാൽ ടിയാൾ ഇതേവരെയായി പഞ്ചായത്ത് ലൈസൻസ്, ഡ്രഗ് ലൈസൻസ്, ഇൻഷ്വറൻസ് എന്നിവ സംബന്ധിച്ച രേഖകൾ KSMDFC യിൽ ഹാജരാക്കിയിട്ടില്ലായെന്നു കാണുന്നു. മേല്പറഞ്ഞ രേഖകൾ സമർപ്പിക്കാതെ മുഴുവൻ തുകയും അനുവദിച്ച് കൊടുത്തത് KSMDFC മാനദണ്ഡങ്ങൾക്ക് വിരുദ്ധവും ക്രമക്കേടുമാണെന്ന് കാണുന്നു. കൂടാതെ ടിം എഗ്രിമെന്റ് രേഖകൾ പ്രകാരം 11,00,000 രൂപയ്ക്ക് ടിയാളുടെ പേരിൽ വാങ്ങിച്ച കുന്നമംഗലം പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിന്റെ രണ്ടാം നിലയിലെ 29-ാം നമ്പർ മുറിയാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ 09.05.2016-ാം തീയതിയിൽ സമർപ്പിച്ചിട്ടുള്ള സത്യവാങ്മൂലത്തിൽ ടിം നമ്പർ 21 എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ആയതിനാൽ ടി രേഖകൾ പരിശോധിക്കാതെയാണ് മുഴുവൻ തുകയും അനുവദിച്ച് നല്കിയിട്ടുള്ളതെന്ന് കാണുന്നു. കുന്നമംഗലം ഗ്രാമപഞ്ചായത്തിൽ അന്വേഷിച്ചതിൽ ഇത്തരം ഒരു സംരംഭം തുടങ്ങുന്നതിന് ശ്രീമതി. സമീറ. കെ എന്നയാൾക്ക് പഞ്ചായത്ത് ലൈസൻസ് നല്കിയിട്ടില്ലായെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ തുടങ്ങാത്ത ഒരു സംരംഭത്തിനാണ് അനധികൃതമായി ലോൺ കൊടുത്തിട്ടുള്ളതെന്ന് കാണേണ്ടതാണ്.

**3) പ്രൊജക്ട് റിപ്പോർട്ട് ലഭ്യമാക്കാത്ത/ അപൂർണ്ണമായ പ്രൊജക്ട് റിപ്പോർട്ട് /പ്രൊജക്ട് റിപ്പോർട്ടിൽ നിന്നും വ്യത്യസ്തമായ ആവശ്യങ്ങൾക്ക് വായ്പ അനുവദിച്ചു കൊടുത്തത് സംബന്ധിച്ച്**

പദ്ധതിക്ക് ആവശ്യമായ തുക സംബന്ധിച്ച് വിശദമായ കണക്കിന്റെയും പ്രൊജക്ട് റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ച് നല്കേണ്ടത്. എന്നാൽ ഇത്തരത്തിൽ ആവശ്യമായ തുക സംബന്ധിച്ച Split up വിവരം, രേഖപ്പെടുത്താതെ വ്യക്തതയില്ലാതെ നല്കിയ പ്രൊജക്ട് റിപ്പോർട്ടിന്മേലും, പ്രൊജക്ട് റിപ്പോർട്ട് നൽകാത്ത അപേക്ഷകളിലും വായ്പ തുക അനുവദിച്ചു നൽകിയതായി കണ്ടു.

(a) KSMDFC എറണാകുളം റീജിയണിൽ നിന്നും ക്രമ നമ്പർ 01-00-589 പ്രകാരം 5 ലക്ഷം രൂപ സ്വയംതൊഴിൽ വായ്പയായി ശ്രീ. ഡീൻ കര്യാക്കോസ് എന്ന വ്യക്തിക്ക് കോഴി ഫാം തുടങ്ങുന്നതിനുള്ള കെട്ടിട നിർമ്മാണത്തിനായി തീയതി പോലും രേഖപ്പെടുത്താത്ത അപേക്ഷയിന്മേൽ പ്രൊജക്ട് റിപ്പോർട്ട് ലഭ്യമാക്കാതെ 17.01.2015, 21.05.2015 എന്നീ തിയതികളിൽ രണ്ടര ലക്ഷം രൂപ വീതം രണ്ടു ഗഡുക്കളായി അനുവദിച്ചു നൽകുകയുണ്ടായി. വായ്പാ അപേക്ഷയുടെ ആവശ്യത്തിൽ നിന്നും വ്യത്യസ്തമായി മറ്റൊരാളുടെ ശ്രീ. ബെന്നി ടി മാത്യു ഉടമസ്ഥതയിലുള്ള കോഴി ഫാം 5 വർഷത്തേക്ക് പുതിയ ലൈസൻസ് എടുത്ത് നടത്തുന്നതിന് ശ്രീ. ഡീൻ കര്യാക്കോസ് കരാറുണ്ടാക്കി എറണാകുളം ജില്ലയില പൈങ്ങോട്ടൂർ ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ച് 28.04.2014-ൽ കോഴി ഫാം ലൈസൻസ് നേടുകയുണ്ടായി. ഈ ലൈസൻസ് 31.03.2016-ന് ശേഷം പുതുക്കിയിട്ടില്ല. വായ്പയ്ക്കായുള്ള അപേക്ഷയോടൊപ്പം പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കാത്തതും, 2015-ൽ വായ്പ തുക ലഭിച്ചതിനു ശേഷം 2016 മുതൽ സ്ഥാപനത്തിന്റെ ലൈസൻസ് പുതുക്കാത്തതും വായ്പ തുക മറ്റാവശ്യങ്ങൾക്കായി വിനിയോഗിച്ചതിലേക്കാണ് വിരൽ ചൂണ്ടുന്നത്. എന്നാൽ അപേക്ഷയിൽ പറഞ്ഞിരിക്കുന്നതു പോലെ കോഴി ഫാമിനു വേണ്ടിയുള്ള കെട്ടിട നിർമ്മാണത്തിനു വായ്പാ തുക വിനിയോഗിച്ചിട്ടുണ്ടോ എന്നതുപോലും പരിശോധിക്കാതെ ലൈസൻസിന്റെ മാത്രം അടിസ്ഥാനത്തിൽ വായ്പയുടെ രണ്ടാം ഗഡു അനുവദിച്ചു നൽകുകയാണുണ്ടായത്.

(b) ലോൺ നം.No.01-01431 ശ്രീമതി സമീറ കെ. യ്ക്ക് വെറ്റിനറി ക്ലിനിക്ക് & മെഡിസിൻ എന്ന സ്ഥാപനം ആരംഭിക്കുന്നതിനായി സ്വയം തൊഴിൽ പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ടര ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ടിയാളുടെ പ്രൊജക്ട് റിപ്പോർട്ടിൽ ആവശ്യമായ തുക സംബന്ധിച്ച വിശദ വിവരങ്ങൾ ഒന്നും (എസ്റ്റിമേറ്റ്) രേഖപ്പെടുത്തിയിരുന്നില്ല.

(c) ലോൺ നം.01-00851 പ്രകാരം ശ്രീ.ഹൈദരലിക്ക് ആകെ 3 ലക്ഷം രൂപ സ്വയം തൊഴിൽ ലോൺ അനുവദിച്ചു. പ്രോജക്ട് റിപ്പോർട്ട് സമർപ്പിട്ടുള്ളത് വെളിച്ചെണ്ണ ഉല്പാദന യൂണിറ്റ് തുടങ്ങുന്നതിനുള്ള ധനസഹായത്തിനാണ്. എന്നാൽ ഇത്തരം ഒരു യൂണിറ്റിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ തന്നെ കോർപ്പറേഷൻ മുഴുവൻ തുകയും അനുവദിച്ചു നല്കിയതായി ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരമുള്ള പദ്ധതിചെലവ്

താഴെ പറയും പ്രകാരമാണ്.

| Capital Expenditure | |
|---|---|
| Building including copra drier | 3,50,000 |
| Miscellaneous Fixed asset including Vessel, furniture etc. | 45,000/- |
| Preliminary Expense | 5,000/- |
| Total Capital Expenditure | 4,00,000/- |
| Working Capital | 3,00,000/- |
| TOTAL | 7,00,000/- |

പ്രോജക്ട് റിപ്പോർട്ട് പ്രകാരം, ഒരു വർഷം 4.8 ലക്ഷം കൊപ്ര ഉല്പാദിപ്പിക്കാൻ കഴിയുന്ന യൂണിറ്റ് ആരംഭിക്കുന്നതിനാണ് വായ്പക്ക് അപേക്ഷിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത പദ്ധതി തുടങ്ങുന്നതിനായി അനുവദിച്ച വായ്പ തുകയിൽനിന്ന് അടിസ്ഥാന സൗകര്യം ഒരുക്കുന്നതിനായി ഏകദേശം 20,000/- രൂപമാത്രമാണ് ചെലവാക്കിയിട്ടുള്ളതെന്നാണ് ശ്രീമതി ഷംസീലയിൽ നിന്നും അനൗദ്യോഗികമായി അറിയുവാൻ കഴിഞ്ഞത്. പ്രസ്തുത തുക ഒരു കൊപ്ര കളം /ചേവ് ഒരുക്കുന്നതിനും കുറച്ച് കുട്ടകൾ വാങ്ങുന്നതിനുമായാണ് ചെലവാക്കിയിട്ടുള്ളതെന്ന് ടിയാൾ പറയുകയുണ്ടായി. പ്രസ്തുത പദ്ധതി നഷ്ടത്തിലായതിനെ തുടർന്ന് ഇപ്പോൾ നടത്തുന്നില്ലെന്നും അറിയാൻ കഴിഞ്ഞു. ഫീൽഡ് സന്ദർശനം നടത്തി പ്രൊജക്ടിന്റെ ആധികാരികത ഉറപ്പുവരുത്താതെയും, ബില്ലുകളും വൗച്ചറുകളും പരിശോധിക്കാതെയുമാണെന്ന് KSMDFC വിവിധ സംരംഭങ്ങൾക്ക് വലിയ തുക വായ്പയായി അനുവദിച്ച് നല്കിയിട്ടുള്ളത്.

( d ) ലോൺ നം.01-011437ശ്രീ. നജീബ് കെ.പിയ്ക്ക് സ്വയം തൊഴിൽ സംരംഭം തുടങ്ങുന്നതിനായി 4.50 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ ടിയാൾ സമർപ്പിച്ച പ്രൊജക്ട് റിപ്പോർട്ട് പരിശോധിച്ചതിൽ ടിയാൾ തുടങ്ങാനുദ്ദേശിക്കുന്ന സംരംഭം എന്താണെന്നെന്ന് വ്യക്തമാക്കിയിട്ടില്ല. ഇത്തരത്തിലുള്ള പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് എന്നത് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സാമ്പത്തിക സാശ്രയത്വം ഉറപ്പുവരുത്തുകയല്ല മറിച്ച് തല്പരകക്ഷികൾക്ക് തുക നല്കുക എന്നതിൽ മാത്രമാണ് മുൻ മാനേജിംഗ് ഡയറക്ടർ ശ്രദ്ധ ചെലുത്തിയിരുന്നതെന്ന് വ്യക്തമാകുന്നു.

4) <u>പ്രൊജക്ട് നടപ്പിലാക്കിയത് സംബന്ധിച്ച തെളിവ് (ഫോട്ടോ/ ലൈസൻസ്/ഇൻഷ്വറൻസിന്റെ പകർപ്പ്) എന്നിവ ഹാജരാക്കാതെ മുഴുവൻ തുകയും അനുവദിച്ചത്</u>

പ്രൊജക്ട് നടപ്പിലാക്കിയെന്ന് ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ പ്രൊജക്ടിന്റെ ഫോട്ടോ, ലൈസൻസ് എന്നിവ ഹാജരാക്കേണ്ടതാണ്. എന്നാൽ ഫോട്ടോ, ലൈസൻസ് എന്നിവ ഹാജരാക്കാതെയും, വ്യാജ ഫോട്ടോകളുടെയും അടിസ്ഥാനത്തിലുമാണ് പല കേസുകളിലും ധനസഹായം അനുവദിച്ച് നല്കിയിട്ടുള്ളത്. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഫീൽഡ് പരിശോധനയിൽ, ഇത്തരത്തിൽ ഹാജരാക്കിയ പല ഫോട്ടോകളും എഡിറ്റ് ചെയ്ത് സൃഷ്ടിച്ചതാണെന്ന്

കണ്ടെത്തുകയുണ്ടായി. പല കേസുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലൈസൻസിനുവേണ്ടി അപേക്ഷിച്ചിട്ടുള്ളതല്ലാതെ ആയത് അനുവദിച്ചതായി കാണാൻ കഴിഞ്ഞിട്ടില്ല.

(a) ശ്രീ.അബ്ദുൾ മജീദ്. എം.കെ. എന്നയാൾക്ക് കോസ്മോസ് റെഡിമെയ്ഡ് എന്ന സ്ഥാപനം തുടങ്ങുന്നതിനായി 01-00761 ഉത്തരവ് പ്രകാരം 5,00,000/-രൂപ വായ്പയായി അനുവദിച്ചിരുന്നു. ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഫീൽഡുതല പരിശോധനയിൽ ടി സ്ഥാപനം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ടിയാൾ KSMDFC ഹാജരാക്കിയ ഫോട്ടോ കോഴിക്കോട് ജില്ലയിലെ നരിക്കുനി ടൗണിലെ മറ്റൊരു കടയുടെ ഫോട്ടോ ആണെന്ന് കണ്ടെത്താൻ കഴിഞ്ഞു. മാത്രമല്ല ടിയാൾക്ക് കോസ്മോസ് റെഡിമെയ്ഡ് എന്ന സ്ഥാപനം തുടങ്ങുന്നതിനായി പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിച്ചതായി രേഖകൾ ഒന്നും തന്നെ ലഭ്യമായിട്ടില്ലായെന്ന് നരിക്കുനി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ധനകാര്യ പരിശോധനാ വിഭാഗത്തെ അറിയിച്ചു.

(b) ലോൺ നം.01-00851 പ്രകാരം നാളികേര സംസ്കരണ യൂണിറ്റ് തുടങ്ങുന്നതിനായി 3 ലക്ഷം രൂപ വായ്പയായി അനുവദിച്ചിരുന്നു. പ്രസ്തുത യൂണിറ്റിന്റെ ഫോട്ടോ ഹാജരാക്കുന്നതിനു പകരം കൂട്ടിയിട്ട നാളികേരങ്ങൾക്കടുത്തായി വായ്പക്കാരനായ ശ്രീ.ഹൈദരലി നിൽക്കുന്ന ഫോട്ടോയാണ് ഹാജരാക്കിയത്. പ്രസ്തുത ഫോട്ടോ പരിശോധിച്ചിരുന്നെങ്കിൽ തന്നെ വളരെ എളുപ്പത്തിൽ ടി സംരംഭത്തെക്കുറിച്ച് ഒരു പ്രാഥമിക നിഗമനം നടത്താമായിരുന്നു എന്നിരിക്കെ തുടർന്നുള്ള ഗഡുക്കൾ അനുവദിച്ചു നല്കിയത് തികഞ്ഞ കൃത്യ വിലോപമാണ്. ലോൺ നം.01-00851 ന്റെ തിരിച്ചടവുകളൊന്നും കൃത്യമായി നടക്കുന്നില്ലെന്ന് D C B സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നിന്നും ധനകാര്യ പരിശോധനാ വിഭാഗത്തിന് കാണുവാൻ കഴിഞ്ഞു.

(c) സ്ഥാപനത്തിന്റെ നടത്തിപ്പ്/ ഉടമസ്ഥത ഉറപ്പാക്കുന്നതിനായി പഞ്ചായത്ത് ലൈസൻസ് ലഭിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാതെ/പകർപ്പ് ലഭ്യമാക്കാതെയാണ് KSMDFC യുടെ കാസറഗോഡ് റീജിയണിൽ ചുവടെ കൊടുത്തിരിക്കുന്ന വായ്പകളുടെ ഗഡുക്കൾ അനുവദിച്ചു നൽകിയത്.

| ക്രമ നം. | വായ്പാ നമ്പർ | വായ്പ പദ്ധതി | വായ്പക്കാരന്റെ പേര് | വായ്പ തുക |
|---|---|---|---|---|
| 1 | 01-00186 | Self Employment | Sri. Jijin. M.K. | 2,20,000/- |
| 2 | 01-00101 | Self Employment | Sri. Rafeek. K. | 2,00,000/- |
| 3 | 01-00269 | Business Development Loan | Sri. Sidhique. K.P. | 3,00,000/- |
| 4 | 01-00344 | Self Employment | Sri. Ismail. P.C. | 3,50,000/- |
| 5 | 01/01/91 | Self Employment | Sri. Ummar | 2,00,000/- |

## 5) <u>കൃത്യമായ വില രേഖപ്പെടുത്താത്ത വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ചത്</u>

ലോൺ നമ്പർ 01-01170 നമ്പർ ഫയലിൽ ധനസഹായം അനുവദിച്ചത് വസ്തു

ജാമ്യത്തിന്റെ അടിസ്ഥാനത്തിലാണ്. വസ്തു ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ ലോൺ അനുവദിക്കുമ്പോൾ വില്ലേജ് ഓഫീസറുടെ ഫെയർ വാല്യൂ/മാർക്കറ്റ് വാല്യൂ രേഖപ്പെടുത്തിയ ലാന്റ് വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് അനുവദിക്കേണ്ട തുക കണക്കാക്കേണ്ടത്. എന്നാൽ പ്രസ്തുത ലോണിന്മേൽ ഫെയർ വാല്യൂ/മാർക്കറ്റ് വാല്യൂ രേഖപ്പെടുത്താത്ത അവ്യക്തമായ സർട്ടിഫിക്കറ്റിന്മേലാണ് തുക അനുവദിച്ച് നല്കിയിരിക്കുന്നത്. ഇതേ ലോണിൽ തന്നെ നിരവധി ക്രമക്കേടുകൾ കണ്ടെത്താൻ കഴിഞ്ഞു. മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുളള എല്ലാ ക്രമക്കേടുകളും പ്രസ്തുത ഫയലിൽ കാണാൻ കഴിഞ്ഞിട്ടുണ്ട്. തല്പരകക്ഷികളെ സഹായിക്കുന്നതിനായി KSMDFC യുടെ മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും പാലിക്കാതെയാണ് മാനേജിംഗ് ഡയറക്ടർ ശ്രീ.മുഹമ്മദ് ഹനീഫ പെരിഞ്ചേരി ലോൺ അനുവദിച്ചു നൽകിയിരിക്കുന്നതെന്ന് വ്യക്തമാകുന്നു.

*6) വർഷങ്ങളായി നടത്തികൊണ്ടിരിക്കുന്ന ബിസിനസ്സ് സ്ഥാപനത്തിന് 7% നിരക്കിലുളള BEL/BDL ലോണിനു പകരം 6% നിരക്കിൽ SE (സ്വയം തൊഴിൽ) ലോൺ അനുവദിച്ചത്*

നിലവിൽ ചെറുകിട സംരംഭങ്ങൾ നടത്തുന്നവർക്ക് ആയതിന്റെ വിപുലീകരണത്തിനും നവീകരണത്തിനും വേണ്ടിയാണ് BEL/BDL ലോൺ (Business Expansion Loan 7% പലിശ) അനുവദിക്കുന്നത്. ആയത് 90% KSMDFC ധനസഹായവും 10% ഗുണഭോക്തൃവിഹിതവുമാണ്. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതിക്കായി കുറഞ്ഞ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കികൊണ്ട് സാമ്പത്തികാഭിവൃദ്ധി കൈവരിക്കാൻ സഹായിക്കുക എന്നതാണ് സ്വയം തൊഴിൽ (6% പലിശ) പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

(a) KSMDFC മാനേജിംഗ് ഡയറക്ടറുടെ 27.05.2015 തീയതിയിലെ ഉത്തരവ്/ലോൺ നമ്പർ 01-00782 പ്രകാരം ശ്രീ. അബ്ദുൾ അസീസ് എന്നയാൾക്ക് കട വിപുലീകരണത്തിനായി സ്വയം തൊഴിൽ (Self Employment) ലോണായി 3,00,000/- രൂപ 6 % പലിശ നിരക്കിൽ അനുവദിച്ചതായി കാണുന്നു. നിലവിൽ ചെറുകിട സംരംഭങ്ങൾ നടത്തുന്നവർക്ക് 7% നിരക്കിലുളള BEL/BDL ലോണാണ് അനുവദിക്കേണ്ടത് എന്നിരിക്കെ 6 % നിരക്കിൽ സ്വയം തൊഴിൽ (Self Employment) ലോൺ അനുവദിച്ചിരിക്കുന്നത് മാനദണ്ഡങ്ങൾക്ക് വിരുദ്ധവും, KSMDFC ധനസഹായത്തിന്റെ ദുരുപയോഗവുമാണ്.

(b) ശ്രീ. എ.സി.യുസഫ് (ലോൺ നം. 01-00717-) എന്നയാൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി വസ്തു ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ 5,00,000/-രൂപ സ്വയം തൊഴിൽ ലോണായി അനുവദിച്ച് നല്കിയതായി കാണുന്നു. എന്നാൽ ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ ഫീൽഡ് പരിശോധനയിൽ ശ്രീ. എ.സി.യുസഫ് കായണ്ണ പഞ്ചായത്ത് പരിധിയിൽ കച്ചവട സ്ഥാപനം നടത്തുകയാണെന്നും, കായണ്ണ പഞ്ചായത്തിലെ D & O ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ടിയാൾക്ക് 2004-05 മുതൽ എ.സി. സ്റ്റോർസ് എന്ന സ്ഥാപനം നടത്തുന്നതിനായി ലൈസൻസ് നല്കിയതായി കാണുന്നുവെന്നും കായണ്ണ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും അറിയിച്ചിരിക്കുന്നു. കൂടാതെ ശ്രീ. എ.സി.യുസഫ് പ്രസ്തുത ലോൺ ലഭിക്കുന്നതിനായി ഹാജരാക്കിയത് ടിയാളുടെ പേരിലുളള യഥാക്രമം 3,50,000/-രൂപ, 3,00,000/-രൂപ വിലവരുന്ന 12, 15 സെന്റ്

ഭൂമിയാണ്. ആയതിൽ 1 5 സെന്റ് ഭൂമിക്ക് ടിയാൾക്ക് വെറും പട്ടയാവകാശം മാത്രമേയുള്ളൂ. വെറും പട്ടയാവകാശം മാത്രമുള്ള ഭൂമി ജാമ്യമായി സ്വീകരിച്ചുകൊണ്ട് ലോൺ അനുവദിച്ചിരിക്കുന്നത് ഗുരുതരമായ ക്രമക്കേടാണ്.

**(c)** ലോൺ നമ്പർ 01–00963 പ്രകാരം ശ്രീ. ഫിറോസ്.കെ. എന്നയാൾക്ക് 4ലക്ഷം രൂപ (Grocery & Stationery Business) സ്വയം തൊഴിൽ വായ്പയായി അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഫീൽഡ് തല സന്ദർശനത്തിൽ പ്രസ്തുത സ്ഥാപനം (കൊട്ടുമെയിൽ സ്റ്റോർ) മുൻപേ പ്രവർത്തിക്കുന്നതാണെന്നും, ടിയാൾ പ്രസ്തുത പദ്ധതിക്കായി KSMDFC നിഷ്കർഷിക്കുന്ന വരുമാന പരിധിയിൽ ഉൾപ്പെടാത്ത ആളാണെന്നും ബോധ്യപ്പെട്ടിട്ടുണ്ട്. ടിയാൾ ലോണിനായി അപേക്ഷ സമർപ്പിച്ചത് 30.01.2014 നും, ധനസഹായത്തിന്റെ ആദ്യഗഡുവായ 2,00,000/–രൂപ അനുവദിച്ച് നല്കിയത് 28.03.2015 നുമാണ്. എന്നാൽ ടിയാൾ സമർപ്പിച്ച ബില്ലുകൾ പരിശോധിച്ചതിൽ ആയവയിൽ പലതും ഒന്നാം ഗഡു അനുവദിക്കുന്നതിനു മുമ്പുള്ളതാണെന്നും, ആയതിൽ മിക്കതും ശ്രീ. കെ.കുഞ്ഞമ്മദ് എന്നയാളുടെ പേരിലുള്ളതാണെന്നും കാണാൻ കഴിഞ്ഞു. ഇതിൽനിന്നും ശ്രീ. ഫിറോസ്. കെ. ലോൺ അപേക്ഷ നൽകുന്നതിനു മുൻപു തന്നെ സ്ഥാപനം നടത്തി വരികയും, ആയത് ഫീൽഡ് തലത്തിൽ പരിശോധിക്കാതെ ലോൺ അനുവദിച്ചു നൽകിയതും, കുറഞ്ഞ നിരക്കിലുള്ള സ്വയം തൊഴിൽ ലോൺ അനുവദിച്ചിരിക്കുന്നതും ക്രമവിരുദ്ധമാണെന്ന് വ്യക്തമാണ്.

വർഷങ്ങളായി നല്ലരീതിയിൽ കച്ചവട സ്ഥാപനം നടത്തുന്നവർക്ക് കുറഞ്ഞ നിരക്കിലുള്ള സ്വയം തൊഴിൽ ലോൺ അനുവദിക്കുക വഴി KSMDFC/NMDFC യുടെ സ്ഥാപിത ലക്ഷ്യം തന്നെ അട്ടിമറിച്ച് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായാണ് ലോൺ അനുവദിച്ചത് എന്ന് വ്യക്തമാകുന്നു.

***7) <u>ഫീൽഡ് പരിശോധന കൂടാതെയുള്ള ലോൺ അനുവദിക്കൽ</u>***

**(a)** ലോൺ നമ്പർ 01–00603 പ്രകാരം ശ്രീ.അബ്ദുറഹ്മാന് സ്പെയർപാട് സ് കച്ചവടം നടത്തുന്നതിനായി 5,00,000/–രൂപ രണ്ട് ഗഡുക്കളായി അനുവദിച്ച് നല്കിയിട്ടുണ്ട്. എന്നാൽ ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ഫീൽഡ്തല പരിശോധനയിൽ ഇത്തരത്തിലൊരു സ്പെയർ പാർട് സ് കട നിലവിലില്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ടിയാളുടെ 2014–15 സാമ്പത്തിക വർഷം മുതൽ വാഹന സ്പെയർപാർട് സ്, എഞ്ചിൻ ഓയിൽ വില്പന നടത്തുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ടെന്ന് മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കൂടാതെ 2014–15, 2015–16 വർഷങ്ങളിലായി ഓട്ടോമൊബൈൽ വർക്ക്ഷോപ്പ്, ഫർണിച്ചർ നിർമ്മാണം, വാഹന സർവ്വീസ് എന്നീ ആവശ്യങ്ങൾക്കു കൂടി ലൈസൻസ് നല്കിയിട്ടുള്ളതായി മേപ്പയ്യൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ശ്രീ.അബ്ദുറഹ്മാന് മേപ്പയ്യൂർ ടൗണിന്റെ ഹൃദയഭാഗത്ത് ടിയാളുടെ പേരിൽ 1 0 ഓളം കടമുറികൾ ഉണ്ടെന്നും, ആയത് വർക്ക്ഷോപ്പ്, ഗോഡൗൺ, താമസം എന്നീ ആവശ്യങ്ങൾക്കായി വാടകയ്ക്ക് നല്കിയിരിക്കുകയാണെന്നും കണ്ടെത്താൻ കഴിഞ്ഞു. ഇക്കാര്യം പഞ്ചായത്ത് സെക്രട്ടറിയുടെ കത്തിലും സൂചിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും വ്യാജ രേഖകൾ ചമച്ചാണ്

ടിയാൾ KSMDFCയിൽ നിന്ന് കുറഞ്ഞ നിരക്കിലുള്ള ധനസഹായം അനർഹമായി കൈപ്പറ്റിയതെന്ന് വ്യക്തമാണ്. യാതൊരുവിധ ഫീൽഡ് പരിശോധനയും, അന്വേഷണവും കൂടാതെയാണ് അനർഹനായ ടി വ്യക്തിക്ക് KSMDFC ലോണുകൾ അനുവദിച്ച് നല്കിയതെന്ന് ധനകാര്യ പരിശോധനാ വിഭാഗത്തിന് ബോധ്യപ്പെട്ടിട്ടുണ്ട്. അനർഹരായ ഇത്തരം വ്യക്തികൾക്ക് ലോൺ അനുവദിച്ച് കൊടുത്തതിലൂടെ യഥാർത്ഥത്തിൽ ആനുകൂല്യം ലഭിക്കേണ്ടവരുടെ അവസരം കവർന്നെടുക്കുകയാണെന്ന് കാണാവുന്നതാണ്.

(b) ലോൺ നം. 01-01030 പ്രകാരം ശ്രീ.എൻ.എം.ജോസിന് അഗ്രിക്കൾച്ചർ ഫാം ആരംഭിക്കുന്നതിനായി 3 ലക്ഷം രൂപ അനുവദിച്ചിരുന്നു. പ്രസ്തുത ലോണിന്റെ വായ്പ തിരിച്ചടവ് മുടങ്ങിയ സാഹചര്യത്തിൽ, കോർപ്പറേഷൻ അധികൃതർ നടത്തിയ ഫീൽഡ് പരിശോധനയിൽ, വായ്പ കൈപ്പറ്റി പ്രൊജക്റ്റ് നടപ്പാക്കാതെ ശ്രീ. എൻ. എം.ജോസ് കോർപ്പറേഷനെ വഞ്ചിക്കുകയായിരുന്നെന്ന് കണ്ടെത്തുകയും, ആയത് ഫയലിൽ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിൽ നിന്നും, വ്യക്തമായ അന്വേഷണം നടത്താതെയാണ് മുഴുവൻ തുകയും അനുവദിച്ച് കൊടുത്തതെന്ന് വ്യക്തമാണ്. ലോൺ അനുവദിച്ചതുമായി ബന്ധപ്പെട്ട് ധനകാര്യ പരിശോധനാ വിഭാഗം നടത്തിയ ഫീൽഡ് പരിശോധനയിൽ തന്നെ മിക്കവാറും പ്രൊജക്റ്റുകൾ വ്യാജമായിരുന്നു എന്നും, വ്യാജ രേഖകൾ ചമച്ചാണ് ധനസഹായം കൈപ്പറ്റിയതെന്നും കാണാൻ കഴിഞ്ഞു. ധനസഹായം നല്കുന്ന ഏജൻസിയായ KSMDFC, ആയത് ഉപയോഗപ്പെടുത്തിയെന്ന് ഉറപ്പാക്കാതെയും, ഫീൽഡ്തല സന്ദർശനം നടത്താതെയും, രേഖകൾ പരിശോധിക്കാതെയുമാണ് ധനസഹായം അനുവദിച്ച് നല്കിയിട്ടുള്ളത്. ആയതുകൊണ്ടുതന്നെ KSMDFC ചെലവഴിച്ച തുകകൾ ഭൂരിഭാഗവും അനർഹർക്ക് അനുവദിച്ചു കൊടുക്കുകയോ, ദുരുപയോഗം ചെയ്യപ്പെടുകയോ ആണ് ഉണ്ടായത്.

*8) ഓഫീസ് ഉത്തരവിന് വിരുദ്ധമായ വായ്പ കരാർ*

(a) ശ്രീ. ഇബ്രാഹിം. പി. എന്നയാൾ സ്വയം തൊഴിൽ പദ്ധതിക്കായ് (പശുവളർത്തൽ) 3ലക്ഷം രൂപ ആവശ്യപ്പെട്ടതിൽ, 1,44,000/-രൂപ അനുവദിക്കാനാണ് ഫയലിൽ ഉത്തരവായത്. കരിപ്പ് ഫയൽ പരിശോധിച്ചതിൽ, പ്രസ്തുത അപേക്ഷന് 2 ഗഡുക്കളായി 1.44 ലക്ഷം രൂപ നല്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ KSMDFC മാനേജിംഗ് ഡയറക്ടറുടെ 17.08.2015 തീയതിയിലെ നടപടിക്രമം 01-01170 പ്രകാരം വായ്പാതുകയായി നിശ്ചയിച്ച 2 ലക്ഷം രൂപയിൽ ഒന്നാം ഗഡുവായി 1 ലക്ഷം രൂപ 17.08.2015 തീയതിയിലെ ചെക്ക് നമ്പർ 790648 പ്രകാരവും അവസാന ഗഡുവായി 1 ലക്ഷം രൂപ 28.09.2015 തീയതിയിലെ ഇതേ നമ്പർ നടപടിക്രമ പ്രകാരം 101226 നമ്പർ ചെക്ക് മുഖേനയും അനുവദിച്ച രേഖകളാണ് ഫയലിൽ കണ്ടെത്താനായത്. എന്നാൽ വായ്പക്കാരനും കോർപ്പറേഷനും തമ്മിൽ 2016 ജൂലായ് 13-ാം തീയതി ഒപ്പുവെച്ച വായ്പാ ഉടമ്പടി പ്രകാരം 1,20,000/-രൂപയാണ് വായ്പയായി അനുവദിച്ചിട്ടുള്ളത്.

(b) ലോൺ നം.01-00245 പ്രകാരം ശ്രീ.ഫിറോസ് വിരുന്നുകണ്ടി എന്നയാൾക്ക് കണ്ണട ഷോപ്പ് തുടങ്ങുന്നതിനായി 5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിൽ 07.10.2014ലെ നം.01-00245 ഉത്തവ് പ്രകാരം, ടി തുക 6 % നിരക്കിൽ 6 0 മാസ ഗഡുക്കളായി തിരിച്ചടക്കണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. 12.11.2014 തീയിതിയിലെ രണ്ടാംഗഡു

അനുവദിച്ചതിന്റെ ഇതേ നമ്പർ ഉത്തരവ് പ്രകാരം ടി തുക 5% പലിശനിരക്കിൽ 72 മാസ ഗഡുക്കളായി തിരിച്ചടക്കണമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ 04.10.2014-ാം തീയതി അപേക്ഷകനും KSMDFC യും തമ്മിലുണ്ടാക്കിയ വായ്പാ കരാറിൽ 5 ലക്ഷം രൂപ 5% നിരക്കിൽ 72 മാസ ഗഡുക്കാളായി തിരിച്ചടക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ പരസ്പര വിരുദ്ധമായ രേഖപ്പെടുത്തലുകളാണ് നടത്തിയിട്ടുള്ളത് എന്ന് കാണുന്നു.

*9)* <u>വായ്പ കരാറിലെ വ്യവസ്ഥകൾ പൂർണ്ണമല്ല</u>

കോർപ്പറേഷനും വായ്പക്കാരനും തമ്മിലുള്ള അംഗീകരിച്ച വായ്പ കരാർ വ്യവസ്ഥകൾ പരിശോധിച്ചതിൽ മിക്കതിലും വായ്പ അനുവദിച്ച ഉത്തരവ് നമ്പർ, പ്രതിമാസ അടവ് തുക എന്നിവ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഉദാഹരണം ലോൺ നം. 01-01170 പ്രകാരമുള്ള കരാറിൽ മേൽ സൂചിപ്പിച്ച വിവരങ്ങൾ ഒന്നും രേഖപ്പെടുത്തിയിട്ടില്ല. ഇത്തരത്തിൽ നിയമ സാധുതയില്ലാത്ത കരാറാണ് കോർപ്പറേഷൻ വായ്പക്കാരനുമായി ഉണ്ടാക്കിയിട്ടുള്ളത്.

ഒരു ധനകാര്യ സ്ഥാപനം എന്ന നിലയിൽ ശ്രദ്ധയോടെ തയ്യാറാക്കേണ്ട പല രേഖകളും അശ്രദ്ധമായ രീതിയിൽ തെറ്റായാണ് രേഖപ്പെടുത്തിരിക്കുന്നത്. വായ്പ ഉത്തരവ്, ലോൺ അനുവദിച്ചുകൊണ്ടുള്ള നടപടിക്രമം, വായ്പ കരാർ എന്നിവ തയ്യാറാക്കിയിട്ടുള്ളത് തികഞ്ഞ അശ്രദ്ധയോടെയാണെന്ന് കാണാൻ കഴിഞ്ഞു. പല ഉത്തരവുകളിലും കരാറുകളിലും അനുവദിച്ച തുക, പലിശ നിരക്ക്, വായ്പാകാലാവധി എന്നിവ തെറ്റായും വായ്പക്കാരന് അനുകൂലമായ രീതിയിലുമാണ്. ആയത് വായ്പാ തിരിച്ചടവുമായി ബന്ധപ്പെട്ട് എതെങ്കിലും തരത്തിലുള്ള തർക്കമുണ്ടാകുന്ന പക്ഷം, നിയമപരമായി നേരിട്ടാൽ K S M D F C യ്ക്ക് നഷ്ടമുണ്ടാകുന്ന രീതിയിലുള്ള രേഖപ്പെടുത്തലുകളാണ് നടത്തിയിട്ടുള്ളത്. ലോൺ അനുവദിച്ചു നല്കുമ്പോൾ പരിശോധിച്ച ഉറപ്പാക്കേണ്ട അവശ്യ രേഖകൾ പരിശോധിക്കാതെയും, ഉത്തരവുകളും കരാറുകളും പരിശോധിച്ച് ഉറപ്പാക്കാതെയുമാണ് മാനേജിംഗ് ഡയറക്ടർ ഒപ്പ് വച്ചിരിക്കുന്നത് എന്ന് കാണുന്നു. ഒരു ധനകാര്യ സ്ഥാപനത്തിന്റെ മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ കൃത്യനിർവ്വഹണത്തിൽ വരുത്തിയ അതീവ ഗുരുതര വീഴ്ചകളാണെന്ന് കാണുന്നു.

*10)* <u>വിദ്യാഭ്യാസ വായ്പ അനുവദിച്ചതിലെ ക്രമക്കേടുകൾ</u>

NMDFC, KSMDFC പദ്ധതികൾ പ്രകാരം പഠനാവശ്യത്തിനായി വിദ്യാഭ്യാസ വായ്പകൾ അനുവദിച്ചു നൽകിയതിൽ ഭൂരിപക്ഷവും അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടുകളിലേക്കാണ് വായ്പാ തുക കൈമാറി നൽകിയത്. ഇത്തരത്തിൽ പഠനാവശ്യത്തിനുള്ള വായ്പാ തുക വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറാതെ അപേക്ഷകന് നൽകിയത് ശരിയായ നടപടിയല്ല. വിദ്യാഭ്യാസ വായ്പകൾ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് KSMDFC നേരിട്ട് കൈമാറേണ്ടതാണ്.

*11)* <u>KSMDFC യിലെ ജീവനക്കാരുടെ വിവരങ്ങൾ സംബന്ധിച്ച്</u>

ന്യൂനപക്ഷ വിഭാഗങ്ങളായ മുസ്ലിം, ക്രിസ്ത്യൻ, പാഴ്സി, ജൈന, ബുദ്ധ, സിക്ക് എന്നീ വിഭാഗങ്ങളുടെ ക്ഷേമത്തിനായി കേരള സംസ്ഥാന ന്യൂനപക്ഷ മന്ത്രാലയത്തിന്റെ കീഴിൽ കമ്പനീസ് ആക്ട് 1956 പ്രകാരം 2013 ൽ രജിസ്റ്റർ ചെയ്ത് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന സ്ഥാപനമാണ് കേരള സംസ്ഥാന ന്യൂനപക്ഷ ധനകാര്യ വികസന കോർപ്പറേഷൻ. കോഴിക്കോട്ടുള്ള ആസ്ഥാന മന്ദിരത്തിനു പുറമെ റീജിയണൽ ഓഫീസുകളും KSMDFC യുടെ കീഴിൽ പ്രവർത്തിച്ചു വരുന്നു.

KSMDFC യുടെ ആസ്ഥാന കാര്യാലയത്തിന്റെ പ്രവർത്തനത്തിനായി G.O (Ms) No.194/2013/GAD Dated 29.06.2013 പ്രകാരം 10 സ്ഥിരം തസ്തികകളും, കമ്പ്യൂട്ടർ ഓപ്പറേറ്റർ, സെക്യൂരിറ്റി/വാച്ച്മാൻ, കാഷ്വൽ സ്വീപ്പർ തസ്തികകളിൽ പുറം കരാർ നൽകുന്നതിനും, G.O. (Ms.) No.5536/2014/G.A.D. Dated 15.07.2014 പ്രകാരം എറണാകുളം, തിരുവനന്തപുരം റീജിയണൽ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കായി 8 സ്ഥിരം തസ്തികകളും, G.O. (Ms.) No.25/2016/G.A.D. Dated 25.02.2016 പ്രകാരം മലപ്പുറം, കാസറഗോഡ് റീജിയണൽ ഓഫീസുകളുടെ പ്രവർത്തനങ്ങൾക്കായി മൂന്ന് വീതം (ആകെ 6 ) ജീവനക്കാരെ കരാർ/ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ 24 തസ്തികകൾ അനുവദിക്കപ്പെട്ട KSMDFC യിൽ ജനറൽ മാനേജർക്കു പുറമെ 29 കരാർ/ദിവസ വേതന ജീവനക്കാരും അന്യത്ര സേവന വ്യവസ്ഥയിൽ 1 ഓഫീസ് അറ്റൻഡന്റും ജോലി നോക്കി വരുന്നു. ഏകദേശം 100 കോടി രൂപയുടെ ഇടപാടുകൾ നടക്കുന്ന സ്ഥാപനത്തിൽ ധനകാര്യ സുതാര്യത ഉറപ്പു വരുത്തുന്നതിനു വേണ്ടി ധനകാര്യ വകുപ്പിൽ നിന്നുള്ള അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഫിനാൻസ് ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ KSMDFC യുടെ അംഗീകൃത തസ്തികയിൽ നിലവിൽ തുടർന്നു വരുന്ന കരാർ നിയമനം അടിയന്തരമായി അവസാനിപ്പിക്കേണ്ടതും, മേല്പടി തസ്തികകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തേണ്ടതുമാണ്.

VI <u>സംഗ്രഹം</u>

KSMDFC മാനേജിംഗ് ഡയറക്ടറായി അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കി വരവേ HRA ഇനത്തിൽ തുക കൈപ്പറ്റുന്നതോടൊപ്പം ഭവനം പുതുക്കി പണിയുന്നതിനായി 5 ലക്ഷം രൂപ 5 % പലിശ നിരക്കിൽ കോർപ്പറേഷനിൽ നിന്നു തന്നെ വായ്പ നേടിയെടുക്കുകയും, ചട്ടപ്രകാരം ലഭ്യമല്ലാത്തതും സർക്കാർ നിരസിക്കുകയും ചെയ്ത ആനുകൂല്യത്തെ കുറിച്ച് മാനേജിംഗ് ഡയറക്ടർ എന്ന നിലയിൽ ഉത്തമ ബോധ്യമുണ്ടായിരുന്നിട്ടും വീട്ടു വാടകയിനത്തിൽ 4,22,000/- രൂപ സ്വയം അനുവദിച്ചു നൽകിയ നടപടിയും ആയതിന് ബോർഡിനെ തെറ്റിദ്ധരിപ്പിച്ച് സാധൂകരണം നേടിയ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയുടെ നടപടിയും തികഞ്ഞ അധികാര ദുർവിനിയോഗവും പണാപഹരണവും വിശ്വാസവഞ്ചനയുമാണ്. ചട്ടവിരുദ്ധമായി അനുവദിച്ചു നൽകിയ 4,22,000/- രൂപ അനുവദിച്ച നാൾ മുതൽ 18% പലിശ സഹിതം ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി KSMDFC മാനേജിംഗ് ഡയറക്ടറായി

അന്യത്രസേവന വ്യവസ്ഥയിൽ ജോലി നോക്കി വരവെ വീട് റിപ്പയർ ആന്റ് റിനോവേഷൻ ആവശ്യത്തിനായി 5,00,000/- രൂപ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തതിലും, വായ്പകൾ അനുവദിച്ച നൽകിയതിലും ഗുരുതരമായ ക്രമക്കേടുകൾ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തുകയുണ്ടായി. മേല്പടി ക്രമക്കേടുകൾക്ക് ഉത്തരവാദിയായ മുൻ KSMDFC മാനേജിംഗ് ഡയറക്ടറും നിലവിൽ മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.പി 576 ലെ സെക്രട്ടറിയുമായ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്യുകയും, അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ KSMDFC യിൽ നിന്നും വിതരണം ചെയ്ത വായ്പകള സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയെ കൊണ്ട് അന്വേഷണം നടത്തേണ്ടതുമാണ്.

KSMDFC യുടെ സാമ്പത്തിക കാര്യങ്ങളിൽ ചുക്കാൻ പിടിക്കുന്ന ഡെപ്യൂട്ടി മാനേജർ / ഫിനാൻസ് മാനേജർ / സെക്ഷൻ ഓഫീസർ തുടങ്ങി എല്ലാ അംഗീകൃത തസ്തികകളിലും കരാർ നിയമനമാണ് നിലവിലുള്ളത്. ആയത് അടിയന്തരമായി അവസാനിപ്പിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരമുള്ള നിയമനം നടത്തേണ്ടതാണ്.

VII <u>ശുപാർശകൾ</u>

1. ഫ്ലാറ്റ് വാടകയിനത്തിൽ ചട്ടവിരുദ്ധമായി തുക സ്വയം അനുവദിച്ച നൽകുക, മാനദണ്ഡങ്ങൾക്ക വിരുദ്ധമായി സ്വയം തൊഴിൽ വായ്പ കരസ്ഥമാക്കുക, ബോർഡിനെ തെറ്റിദ്ധരിപ്പിക്കുക, ചട്ടങ്ങൾ ലംഘിച്ച കൊണ്ട് വായ്പ അനുവദിച്ച നൽകുക തുടങ്ങിയ ഗുരുതര ക്രമക്കേടുകൾക്ക് ഉത്തരവാദിയായ മുൻ KSMDFC മാനേജിംഗ് ഡയറക്ടറായിരുന്ന (നിലവിൽ മലപ്പുറം ജില്ലയിലെ മക്കരപ്പറമ്പ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.പി 576 ലെ സെക്രട്ടറി/സി.ഇ.ഒ. ) ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്ത് കർശന അച്ചടക്ക നടപടി സ്വീകരിക്കുവാൻ ബോർഡിന് നിർദ്ദേശം നൽകേണ്ടതാണ്.

Co-op

2. ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി KSMDFC മാനേജിംഗ് ഡയറക്ടറായിരുന്ന കാലയളവിൽ വായ്പകൾ വിതരണം ചെയ്തതിൽ വ്യാപകമായ ക്രമക്കേടുകൾ നടന്നതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ട്. 100 കോടിയോളം രൂപ വായ്പയായി വിതരണം ചെയ്ത KSMDFC യിൽ ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരി അന്യത്ര സേവന വ്യവസ്ഥയിൽ മാനേജിംഗ് ഡയറക്ടറായി ജോലി നോക്കിയിരുന്ന കാലയളവിൽ (08.12.2012 മുതൽ 01.10.2016 വരെ) വിതരണം ചെയ്ത വായ്പകൾ സംബന്ധിച്ചും, മേല്പടി കാലയളവിലെ ടിയാന്റെ സാമ്പത്തിക ഇടപാടുകളെ സംബന്ധിച്ചും വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തേണ്ടതാണ്.

3. ഫ്ലാറ്റ് വാടകയിനത്തിൽ ചട്ടവിരുദ്ധമായി സ്വയം അനുവദിച്ച നൽകിയ 4,22,000/- രൂപ അനുവദിച്ച നാൾ മുതൽ 18 % പലിശ സഹിതം ശ്രീ. മുഹമ്മദ് ഹനീഫ പെരിഞ്ചേരിയിൽ നിന്നും ഈടാക്കുവാൻ നിയമപരമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. പഠനാവശ്യത്തിനുള്ള വായ്പാ തുക വിദ്യാർത്ഥികൾ പഠിക്കുന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറാതെ അപേക്ഷകന് നൽകുന്ന നടപടി അവസാനിപ്പിക്കേണ്ടതും, വിദ്യാഭ്യാസ വായ്പകൾ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് KSMDFC നേരിട്ട് കൈമാറേണ്ടതുമാണ്.

5. ശരാശരി നൂറ് കോടി രൂപയുടെ സാമ്പത്തിക ഇടപാടുകൾ നടക്കുന്ന പ്രസ്തുത സ്ഥാപനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും, സുതാര്യത ഉറപ്പ് വരുത്തുന്നതിനും ധനകാര്യ വകുപ്പിൽ നിന്നുള്ള അണ്ടർ സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഫിനാൻസ് ഓഫീസറായി KSMDFC യിൽ നിയമിക്കുന്നതിനുള്ള നടപടി ഭരണ വകുപ്പ് സ്വീകരിക്കേണ്ടതാണ്.

6. KSMDFC യുടെ അംഗീകൃത തസ്തികകളിൽ നിലവിൽ തുടരുന്ന കരാർ നിയമനം അടിയന്തരമായി അവസാനിപ്പിക്കേണ്ടതും ടി തസ്തികകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നിയമനം നടത്തേണ്ടതുമാണ്. MW

ANIL KUMAR.S, AS(IW-FIN), O/o AS Finance IW

**ANIL KUMAR.S**

**ADDITIONAL SECRETARY**

**16/04/2019**

സെക്ഷൻ ഓഫീസർ